RM 5

006714

**കേരള സർക്കാർ**

സംഗ്രഹം

സഹകരണ വകുപ്പ് - സഹകരണ പെൻഷൻ പദ്ധതി - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സഹകരണ (എ) വകുപ്പ്**

സ.ഉ. (സാധാ)നം. 57/2017/സഹ. തീയതി, തിരുവനന്തപുരം, 07.02.2017.

പരാമർശം: സഹകരണ സംഘം രജിസ്ട്രാറുടെ 04.01.2017-ലെ ഇ.എം.(5)52956/16 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് ഓരോ ജീവനക്കാരന്റെയും പേരിൽ ബാക്കി നിൽപ്പുള്ള പെൻഷൻ ഫണ്ട് കുടിശ്ശിക 12% പലിശ വാർഷിക കൂട്ടുപലിശ നിരക്കിൽ തീർപ്പാക്കുന്നതിനു 01.01.2017 മുതൽ 31.03.2017 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനു സമർപ്പിച്ച അപേക്ഷ പരാമർശപ്രകാരം സഹകരണ സംഘം രജിസ്ട്രാർ സർക്കാരിലേയ്ക്ക് സമർപ്പിച്ചു.

അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ചു. ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 03.06.1993 മുതൽ കുടിശ്ശിക ഫണ്ട് അടയ്ക്കാനുള്ള സംഘങ്ങൾ സമയപരിധിക്കുള്ളിൽ കുടിശ്ശിക ഫണ്ടിനു 12% വാർഷിക പലിശ നിരക്കിൽ പ്രസ്തുത ഫണ്ട് അടച്ച് കുടിശ്ശിക അവസാനിപ്പിക്കുന്നതാണ്.
2. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിക്കുന്ന സമയത്ത് നിലനിൽക്കുന്ന കുടിശ്ശികയ്ക്ക് മാത്രമായിരിക്കും ഒ.റ്റി.എസ് ബാധകം.
3. ഒ.റ്റി.എസ് കാലാവധിക്ക് മുമ്പും ശേഷവും അടവാക്കിയ തുകയ്ക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല.
4. മുൻകാലങ്ങളിലെ ഒ.റ്റി.എസ്-ൽ ഉൾപ്പെടുത്തി ഇളവോടുകൂടി അടച്ചു തീർത്തശേഷം വീണ്ടും ക്രമമായി അടയ്ക്കാതെ കുടിശ്ശിക വരുത്തിയവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല.
5. പെൻഷൻ ഫണ്ട് സംഘങ്ങൾ തന്നെ സ്വയം കണക്കാക്കി കുടിശ്ശിക അടയ്ക്കേണ്ടതും ഇപ്രകാരം കണക്കാക്കി അടയ്ക്കുന്ന തുകയിൽ അപാകത ഉണ്ടെന്ന് ബോധ്യപ്പെടുന്ന പക്ഷം ബാക്കി തുക അടയ്ക്കാൻ സംഘങ്ങൾ ബാധ്യസ്ഥരാണ്.

6. പെൻഷൻ പദ്ധതിയിലെ നിർദ്ദേശങ്ങൾനുസൃതമായി നിശ്ചിത മാതൃകാ ഫാറത്തിൽ വേണം ഫണ്ട് കണക്കാക്കി അടയ്ക്കേണ്ടത്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**പി.എസ്.രാജേഷ്**

അഡീഷണൽ

സെക്രട്ടറി.

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം

സെക്രട്ടറി, കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ്, പി.ബി.നം. 85, കലാ നിവാസ്, ടി.സി. നം. 27/156, 157 ചിന്മയ ലെയിൻ, ആയുർവേദ കോളേജിന് സമീപം, തിരുവനന്തപുരം-1

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം

പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ-ക്ക്

സഹകരണ അഡീഷണൽ സെക്രട്ടറിയുടെ സി.എ-ക്ക്